# അറിയിപ്പ്

തിങ്കൾ മുതൽ വെള്ളി വരെ ഉച്ചകഴിഞ്ഞ് മൂന്ന് മണി മുതൽ വൈകിട്ട് അഞ്ച് മണി വരെയുള്ള സമയങ്ങളിലും, ഉപഗ്രഹ ചാനലിൽ രാത്രി ഏഴു മണിമുതൽ പതിനൊന്നു മണിവരെയുള്ള സമയങ്ങളിലും സംപ്രേഷണം ചെയ്യുന്നതിനായി ദൂരദർശൻ 25 മിനിട്ട് ദൈർഘ്യമുള്ള ഉന്നത നിലവാരം പുലർത്തുന്ന സീരിയലുകൾ സ്പോൺസേഡ് കാറ്റഗറിയിൽ ക്ഷണിക്കുന്നു.

സീരിയലിന്റ പൂർണ്ണമായ കഥ, അവതരണ രീതി, നാല് എപ്പിസോഡുകളുടെ പൂർണ്ണ തിരക്കഥ, ഓരോ എപ്പിസോഡിന്റെയും സംക്ഷിപ്ത വിവരണം, നിർമ്മാതാവ്, സംവിധായകൻ, രചയിതാവ്, ഛായാഗ്രാഹകൻ, കഥാകൃത്ത്, തിരക്കഥാകൃത്ത്, സംഗീത സംവിധായകൻ എന്നിവരുടെ ബയോഡാറ്റയും സമ്മതപത്രവും, നിർമ്മാതാവിന്റെ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും നിർമ്മിച്ച് DVC Pro 50 ടേപ്പിലുള്ള പൈലറ്റ് എപ്പിസോഡ്, തിരിച്ച് നൽകാത്ത പ്രോസസ്സിംഗ് ഫീസായി ഡി.ഡി.ഒ, ദൂരദർശൻ കേന്ദ്രം, തിരുവനന്തപുരം എന്ന പേരിൽ 10,000/– രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് (റീജിയണൽ ചാനൽ)/ 2,000/– രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് (ഉപഗ്രഹ ചാനൽ) എന്നിവ അടങ്ങുന്ന അപേക്ഷകൾ 2017 ഏപ്രിൽ 28–ാം തീയതി അഞ്ചു മണിയ്ക്ക് മുൻപായി തിരുവനന്തപുരം ദൂരദർശൻ കേന്ദ്രത്തിൽ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതാണ്.

അപേക്ഷയോടൊപ്പം ആദായനികുതി അടച്ചതിന്റെ രസീത്, വിൽപ്പന നികുതിയുടേയോ, സേവന നികുതിയുടേയോ രജിസ്ട്രേഷൻ നമ്പർ, നിർമ്മാണ കമ്പനി പങ്കാളിത്ത വ്യവസ്ഥയിലാണ് പ്രവർത്തിക്കുന്നതെങ്കിൽ അതിന്റെ വ്യവസ്ഥകൾ, ലിമിറ്റേഡ് കമ്പനിയാണെങ്കിൽ മെമ്മോറാണ്ടം അല്ലെങ്കിൽ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ എന്നിവയുടെ പകർപ്പും നൽകേണ്ടതാണ്.

പരിപാടി ദൂരദർശൻ ഡി.റ്റി.എച്ച് വഴി പരസ്യത്തോടു കൂടിയോ അല്ലാതെയോ സൌജന്യമായി സംപ്രേഷണം ചെയ്യുന്നതിനുള്ള സമ്മതപത്രവും അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ദൂരദർശൻ സ്പോൺസേഡ് വിഭാഗവുമായി ബന്ധപ്പെടുക.

ഫോൺ നമ്പർ : 0471 – 2730143
എസ്റ്റൻഷൻ : 292
വെബ് സൈറ്റ് :